DESPATCHED On.20/2/2020

6/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ **CP No.805(6)/2016**/എസ്.ഐ.സി.

### തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

### (ഫയൽ നം.13234/എസ്.ഐ.സി-ജി 5/2016)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ഷറഫുദ്ദീൻ കെ.വി.,<br>കൊടിഞ്ഞിപ്പുറത്ത് വീട്, ചെറുവാടി പി.ഒ.,<br>കോഴിക്കോട് -673661 | പരാതി ഹർജിക്കാരൻ |
| Vs | |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,<br>ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ്,<br>കെ.എസ്.ആർ.ടി.സി., കോഴിക്കോട് | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19.09.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.09.2016 |
| പരാതി ഹർജി നൽകിയ തീയതി | 24.10.2016 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 26.12.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23.11.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 13.12.2016 |
| ഹിയറിംഗ് തീയതി & സ്ഥലം | 01.01.2020 വീഡിയോ കോൺഫറൻസ് ഹാൾ കോഴിക്കോട് കളക്ടറേറ്റ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഷറഫുദ്ദീൻ കെ.വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നാളിതുവരെ യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നും എന്നാൽ 26.09.2016 തീയതി ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ നിരുത്തരവാദപരമായി പോസ്റ്റ് കാർഡിൽ ഒരു അറിയിപ്പ് നൽകിയെന്നും അതിൽ പറയുന്നത് കെ.എസ്.ആർ.സി.യുടെ ഏതെങ്കിലും ഡിപ്പോയിൽ 10 രൂപ ഫീസ് അടച്ച് രസീത് ഹാജരാക്കുകയോ FA&CAO/KSRTC യുടെ പേരിൽ ഡിഡിയോ പോസ്റ്റൽ ഓർഡറോ എടുത്ത് ഹാജരാക്കുകയോ വേണമെന്നാണെന്നും 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചാണ് ടിയൻ അപേക്ഷ നൽകിയതെന്നും ആയതിനാൽ ടി അറിയിപ്പ് വിവരാവകാശ നിയമത്തിന്റെ ലംഘനമാണെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ അവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. കോഴിക്കോട്-കുന്നമംഗലം-മുക്കം-ചെറുവാടി റൂട്ടിൽ ഓടിക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.സി. ബസുകളുടെ ടൈം ഷീറ്റിന്റെ പകർപ്പ് നൽകണമെന്നും

ii. താമരശ്ശേരി-മുക്കം-ചെറുവാടി റൂട്ടിൽ ഓടുന്ന കെ.എസ്.ആർ.ടി.സി. ബസിന്റെ ടൈംഷീറ്റിന്റെ പകർപ്പ് നൽകണമെന്നും

iii. സമയക്രമം തെറ്റിച്ച് ഓടുന്ന ബസുകളെക്കുറിച്ചുള്ള പരാതി അറിയിക്കാൻ ഉള്ള വിലാസവും ഫോൺ നമ്പരും നൽകണമെന്നുമാണ്.

ടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അറിയിക്കുന്നതിന് കെ.എസ്.ആർ.ടി.സി. യുടെ ഏതെങ്കിലും ഡിപ്പോയിൽ 10 രൂപ ഫീസ് ഒടുക്കി രസീത് ഹാജരാക്കുകയോ FA&CAO/KSRTC എന്ന പേരിൽ ഡി.ഡി.യോ പോസ്റ്റൽ ഓർഡറോ ഹാജരാക്കുകയോ വേണമെന്നാണ്.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ കെ.എസ്.ആർ.ടി.സി. ക്ക് സ്വീകാര്യമാകുന്ന

വിധമുള്ള അപേക്ഷ ഫീസ് ഒടുക്കിയിരുന്നില്ല എന്നു കാണുന്നു. Kerala Right to Information (Regulation of Fee and Cost) Rules, 2006 ലെ മൂന്നാം റൂളിൽ വരുത്തിയിട്ടുള്ള ഭേദഗതിയിൽ സർക്കാരിതര സ്ഥാപനങ്ങളിൽ വിവരാവകാശ നിയമ പ്രകാരം ഫീസ് ഒടുക്കുമ്പോൾ ആയത് ടി അധികാര സ്ഥാനങ്ങളുടെ അക്കൗണ്ടിൽ ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ എതിർകക്ഷി ഹർജിക്കാരന്റെ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി നിയമാനുസൃതമാണെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020, ജനുവരി 06-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp

RIGHT TO INFORMATION